**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3351** **26-06-2024 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി., പ്ലസ് ടു കോഴ്സുകളിൽ ഗ്രേസ് മാർക്ക് അനുവദിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ; | (എ) | ഉണ്ട്. |
| (ബി) | നേരത്തെ അനുവദിച്ചിരുന്ന ഗ്രേസ് മാർക്ക് ഇപ്പോൾ അനുവദിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഏറെ പരിമിതികൾക്കിടയിലും വിദ്യാഭ്യാസം നേടുന്ന എസ്.എസ്.എൽ.സി., പ്ലസ് ടു ക്ലാസുകളിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രത്യേകമായി മൂല്യനിർണ്ണയം നടത്തുന്നതിനും ആയത് പ്രകാരം ഗ്രേഡ് നിശ്ചയിച്ച് നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (സി) | എസ്.എസ്.എൽ.സി. പരീക്ഷയിൽ പ്രത്യേക പരിഗണന അർഹിക്കുന്ന പരീക്ഷാർത്ഥികളുടെ ഉത്തരക്കടലാസിന്റെ മുകളിൽ പരീക്ഷാനുകൂല്യം അനുവദിച്ച് കൊണ്ടുള്ള ഉത്തരവ് നമ്പർ, അനുവദിക്കപ്പെട്ട ആനുകൂല്യം എന്നിവ പ്രത്യേകം രേഖപ്പെടുത്താറുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കുട്ടി എഴുതി നേടിയ മാർക്കിന്റെ 25% ഗ്രേസ് മാർക്ക്(ജയിക്കുന്നതിന് ആവശ്യമായത് മാത്രം) നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ